(*b*) Answer to (a) is referred to.

(*c*) 25 sh. per ton (N. A. W.) of Monazite.

(*d*) Does not arise since Monazite cannot be sold or exported from India, without sanction of government.

(*e*) Sri. C. Kumara Das and Sri. Mudgil took part in the early discussions on the subject. Consequent upon their retirement, Hon'ble Sri. E. John Philipose and Sri. K. G. Menon represented this Government during the discussions.

## UNSTARRED QUESTIONS

### Questions posted for answer on 23—2—1951

പുറമ്പോക്കുസ്ഥലം

൩൭. (൨) ശ്രീ. ടി. എം. സന്നേലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦-ൽ വ്യക്തികൾക്കു് പുറമ്പോക്കുസ്ഥലങ്ങൾ പതിച്ചു കൊടുത്തിട്ടുണ്ടോ;

(ബി) കൊടുത്തിട്ടുണ്ടെങ്കിൽ എത്ര ഏക്കർ;

(സി) ഏതെല്ലാം താലൂക്കുകളിലാണു് കൊടുത്തിട്ടുള്ളതു്?

നിയമവും, ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) ഏതു ഏക്കർ ൪൪.൪൫ സെൻറ്.

(സി) തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം, മുകുന്ദപുരം, തലപ്പിള്ളി, കണയന്നൂർ, പറവൂർ, ചിറവൂർ.

### Questions posted for answer on 26—2—1951

ശമ്പള കുടിശിക

൩൮. (൩) സാഹിബ്ബു് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി സദയം മറുപടി പറയുമോ.—

(എ) കായംകുളം ഇംഗ്ലീഷ് ഹൈസ്കൂളിലെ ഇപ്പോഴത്തെ അറബി മുന്നിക്കു് എത്രവർഷത്തെ ശമ്പളം കുടിശികയുണ്ടു്;

(ബി) കുടിശിക ഇതുവരെ കൊടുക്കാതിരിക്കുന്നതിനു് കാരണമെന്താണു്?

വിദ്യാഭ്യാസവും, കൃഷിയും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) രണ്ടുവർഷത്തെ അവധി അലവൻസുണ്ടു്.

(ബി) അദ്ധ്യാപകൻ ദീർഘമായ അവധിയിൽ ഇരുന്നതിനാൽ അവധി അനുവദിക്കാൻ കാലതാമസം വേണ്ടിവന്നു. തന്മൂലം അദ്ധ്യാപകനു ചെല്ലേണ്ട തുക തിട്ടപ്പെടുത്തി ആയതു് അനുവദിച്ചു ബില്ലെഴുതി വാങ്ങിക്കൊടുക്കുന്നതിനു് താമസം നേരിട്ടതു.

ഫിഫ്ത്തു് ക്ലാസുകൾ

൩൯. (൪) ടി. എം. സന്നേലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦ മുതൽ കൊച്ചി ഡിവിഷനിലെ വിദ്യാലയങ്ങളിൽ എത്ര ഫിഫ്ത്തു് ക്ലാസുകൾ ആരംഭിച്ചിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവയിൽ എത്ര ക്ലാസുകൾക്ക് ഗ്രാൻറ് നൽകുന്നുണ്ട്;
(സി) ഗ്രാൻറ് നൽകാത്തതെന്ത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൽ൹ ൭.
(ബി) ൟ ൦ ൭.
(സി) ൟ൹ ൦.

## മലയാളം സ്കൂൾ

൭ ൦. (൫) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തലപ്പള്ളി താലൂക്കിൽ പൈങ്കുളം വില്ലേജിൽ മലയാളം സ്കൂൾ എന്നാണ് ഗവൺമെണ്ടിലേക്ക് ഏറ്റെടുത്തത്;

(ബി) ആ കാലത്തിനു മുമ്പുതന്നെ പ്രസ്തുത സ്കൂൾ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ഗവൺമെണ്ടു് അറിഞ്ഞിരുന്നില്ലേ;

(സി) ഇപ്പോൾ കെട്ടിടത്തിനു അന്നത്തേതിൽ കൂടുതൽ ശോചനീയാവസ്ഥയാണെന്നറിവില്ലേ;

(ഡി) ഈ സംഗതിക്കു മന്ത്രിമാർ വിശേഷിച്ചു ഇപ്പോഴത്തെ മന്ത്രി അവർകൾ കൂടി സ്കൂൾ കെട്ടിടം സന്ദർശിച്ചിട്ടില്ലേ?

വിദ്യാഭ്യാസവും ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൽ—൹—ൟ ൟ൹ ൦–ൽ.
(ബി) ഉവ്വ്.
(സി) അറിയാം.
(ഡി) ഉവ്വ്.

## ഗ്രാൻറ്

൭ ൟ (൱) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

ചിറ്റൂർ താലൂക്കു് അപ്പുപ്പിള്ളയൂർ എലിമെൻററി സ്കൂളിനു് നമ്മുടെ ഗവൺമെൻറു് ഗ്രാൻറ് കൊടുത്തു തുടങ്ങിയിട്ടു് എത്രകാലമായി, ഗ്രാൻറ വകയിൽ എത്രമാസത്തെ ബാക്കിയുണ്ടു്?

വിദ്യാഭ്യാസവു, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

൧൯ ൫ ൦ ഏപ്രിൽ മാസം മുതൽക്കാണു് ഗ്രാൻറ കൊടുത്തു തുടങ്ങിയിട്ടുള്ളതു്. ഏപ്രിൽ മാസത്തെ ബിൽ പാസാക്കി പ്രീയോഡിറ്റിനു് അയച്ചപ്പോൾ കൂടുതൽ വിവരങ്ങൾക്കായി മടക്കി അയച്ചതിനാൽ ഈ സംഗതി ഇപ്പോൾ എഴുത്തു കുത്തിലിരിക്കുകയാണു്. മേയ് മാസം മുതലുള്ള എല്ലാ ബില്ലുകളും പാസാക്കി അയച്ചിട്ടുണ്ടു്. ഈ സ്കൂളിൽ പുതിയതായി നിയമിച്ചിട്ടുള്ള രണ്ടു അദ്ധ്യാപകന്മാരുടെ നിയമനം അംഗീകരിച്ചു കഴിഞ്ഞിട്ടില്ലാത്തതിനാൽ അവരുടെ ശമ്പളം കൊടുത്തിട്ടില്ല. അവരുടെ നിയമനം അംഗീകരിച്ചു ശമ്പളം കൊടുക്കുന്നതിനു വേണ്ട നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly